# SPINNAKER




## ST.Marys C.G.H.S. OLLUR

ലിറ്റിൽ കൈറ്റ്സ് - 2018-19

# THE DOME OF WISDOM

## ST.MARY'S C G HS,OLLUR



# സന്ദേശം

കമ്പ്യൂട്ടർ സാങ്കേതികവിദ്യയുടെ നവീന ലോകത്തേ-
ക്ക് വിദ്യാർത്ഥികളെ കൈപിടിച്ചുയർത്തുന്ന
ലിറ്റിൽ കൈറ്റ്സിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീ-
യമാണ്. സ്കൂൾതല പ്രവർത്തനങ്ങൾ കൂടുതൽ
അന്വേഷണാത്മകവും സർഗാത്മകവുമാക്കാൻ .....
സാങ്കേതികവിദ്യയിൽ വൈദഗ്ധ്യവും അഭിരുചിയുമുള്ള
ഒരു തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ.......
അതിരില്ലാത്ത സാങ്കേതികവിസ്മയം അടുത്തറിയാൻ
ഇതിന്റെ അണിയറ പ്രവർത്തകർക്ക് കഴിയട്ടേ......

എന്നാശംസകളോടെ.....

ഒല്ലൂർ ,
19-01-2019.

സി.സ്റ്റെല്ല റോസ്
ഹെഡ്മിസ്ട്രസ്സ്

# പത്രാധിപ സമിതി

ചീഫ് എഡിറ്റർ :സി.സ്റ്റെല്ല റോസ് (ഹെഡ്മിസ്ട്രസ്സ്)

സ്റ്റാഫ് എഡിറ്റർ :ബിനി ജോർജ് (കൈറ്റ്മിസ്ട്രസ്)

സ്റ്റുഡന്റ് എഡിറ്റർ :കൃഷ്ണപ്രിയ വി

പത്രാധിപ സമിതി അംഗങ്ങൾ

: ജ്യൂണൈറ്റ് റോസ്

സെലിൻ കെ ജോസ്

മരിയ തോമസ്

സിയ ബാബു

ലക്ഷ്മി പാർവതി

# എഡിറ്റോറിയൽ

മനുഷ്യൻ ഇന്ന് നൂതന സാങ്കേതിക വിദ്യയുടെ മധ്യത്തിലാണ് ജീവിക്കുന്നത് . ഈ സാങ്കേതിക വിദ്യകൾ ഒരു പുതു മാനവസംസക്കാരം തന്നെ രൂപപ്പെടുത്തിയിരിക്കുന്നു.

നൂതന സാങ്കേതിക വിദ്യയുടെ സ്പന്ദനങ്ങൾ

തിരിച്ചറിയാൻ........

പുതു ലോകത്തിന്റെ അഭിരുചികൾക്കനുസരിച്ച് വിദ്യാർത്ഥി

മനസ്സുകളെ ഒരുക്കാൻ.....

നവ സാങ്കേതിക മാറ്റങ്ങളെ വേഗതയോടും കൃത്യതയോടും

കൂടി മനസ്സിലാക്കാൻ .....

പൊതു വിദ്യാഭ്യാസമേഖലയുടെ വളർച്ചയിൽ

പങ്കുചേരാൻ.......

നടത്തിയ എളിയ പരിശ്രമങ്ങളുടെ നേർകാഴ്ച.........

## "സ്പിനേക്ക"........

കാലത്തിന്റെ ഗതിവിഗതികൾക്കനുരിച്ച് ചലിക്കാൻ.......

ദിശാസൂചകങ്ങളായിത്തീരാൻ........

വിദ്യാഭ്യാസ മേഖലയിൽ അത്യുന്നതമായ ഒരു ചലനം

സാധ്യമാക്കാൻ ഇടവരട്ടെ........

**ചീഫ് എഡിറ്റർ**

# താളുകളിലൂടെ......


- തിരികെ തരണമോ........ (കവിത)
- നവോത്ഥാനത്തിന്റെ പാതയിൽ.......(ലേഖനം)
- ഓർമ്മകളിൽ മമ വിദ്യാലയം.......(കവിത )
- മഴമേഘങ്ങൾ പെയ്തൊഴിയുമ്പോൾ.......(കഥ)
- മൊഴി മുത്തുകൾ.........(മഹത് വചനങ്ങൾ)
- പറവ............(ചിത്രം)
- അമ്മ.......(സ്നേഹവചസുകൾ)
- എന്റെകേരളം.......(കവിത)
- വിശ്വമഹാകവികാളിദാസൻ......(ജീവചരിത്രക്കുറിപ്പ്)
- മഴപെയ്യുന്നു......(കവിത)
- ഏകാകിനി.......(ചിത്രം)
- മറക്കാനാകുമോ കാലമേ......(ഉപന്യാസം)
- ജീവിതമാകുന്ന യാത്ര........(കവിത)
- ചിലന്തികൾ......(പഠനക്കുറിപ്പ്)
- ഓർമ്മയായ് തീരുന്ന പുഴ.....(കവിത)
- മലയാളം സ്നേഹക്കവിതകളിലൂടെ......(പഠനക്കുറിപ്പ്)
- നവകേരളസൃഷ്ടി..........(ഉപന്യാസം)
- മലയാളനാടേ ...വന്ദനം....(കവിത)
- സ്റ്റീഫൻ ഹോക്കിങ്....(ശാസ്ത്രക്കുറിപ്പ്)
- ശുഭം........



# തിരികെ തരണമോ ?...

(കവിത)

സ്നേഹമാണു നീ......
എൻ ജീവതമാണു നീ...

ലോകമാകുന്ന പുസ്തകത്തിലെ
ആദ്യതാളാമാണു നീ...
ഞാനാകുന്ന സംഗീതത്തിലെ
താളവും വരികളും എല്ലാം നീയാണ്
എന്നിലെ ഒഴുകുന്ന ഒരു
ചെറുപുഴയാണ് നീ..
പുഴയുടെ ഓരോ ഓളത്തിലും
സ്നേഹം നിറഞ്ഞു നിൽക്കുന്നു
ഒരിക്കലും വറ്റാത്ത പുഴയെ പോലെ
വാടാത്ത മലർ പോലെയാണു നീ...
എൻ ഏകാന്തതയിലും
ഒപ്പം നിന്നത് നീയാണ്
കൂടെ നിൽക്കുന്നതിനെ
ഞാൻ എങ്ങനെയാണ് വിട്ടുതരിക
കഴിയില്ല ഒരിക്കലും തിരികെ തരുവാൻ.....

അനഘ സന്തോഷ്

# നവോത്ഥാനത്തിന്റെ പാതയിൽ.......

(ലേഖനം)

സ്വാമി വിവേകാനന്ദൻ ഭ്രാന്താലയം എന്ന് വിശേഷിപ്പിച്ച കേരളീയ സമൂഹം ഇന്നത്തെ നിലയിൽ വികസിച്ചതിനു പിന്നിൽ നവോത്ഥാന പ്രസ്ഥാനങ്ങളുടെ സ്വാധീനം ഉണ്ട്. ഹിന്ദു ജനവിഭാഗത്തിനിടയിൽ ജാതീയ അടിച്ചമർത്തലുകളും അയിത്താചരണവും മുതൽ ശബരിമല വരെ എത്തി നിൽക്കുകയാണ് കേരള നവോത്ഥാനം.



അയ്യങ്കാളി, ശ്രീ നാരാണഗുരു, ചട്ടമ്പി സ്വാമികൾ, മുലക്കരം പിരിക്കാനെത്തിയവർക്ക് മുൻപിൽ മാറിടം ഛേദിച്ചുവച്ച് രക്തം വാർന്നു മരിച്ച നങ്ങേലി എന്നിവരാണ് കേരള നവോത്ഥാന വക്താക്കൾ.മേൽമുണ്ട് ധരിക്കുന്നത് ജന്മാവകാശമാണ് എന്ന് പ്രഖ്യാപിച്ച് അതിനെ തടയുന്നവർക്കെതിരെ പൊരുതിയ അയ്യാ വൈകുണ്ഠൻ,സവർണസ്ത്രീകളുടെ കുത്തകാവകാശമാണ് അച്ചിപ്പുടവ ധരിക്കുന്നതെന്ന് പ്രസ്താവിച്ച് അതിനുവേണ്ടി സത്രീകളെ പ്രക്ഷോഭരംഗത്ത് അണിനിരത്തി രക്തസാക്ഷിത്വം വരിച്ച ആറാട്ടുപുഴ വേലായുധപണിക്കർ എന്നിവർ സത്രീകളെ ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്ക് നയിച്ചിരുന്നു.

ഇരുപത്തിയൊന്നാം നൂറ്റാണ്ടിൽ കേരളത്തിനുണ്ടായ നവോത്ഥാനമുന്നേറ്റങ്ങളിലൊന്നാണ് സ്വാതന്ത്ര്യം തങ്ങളുടെ ജന്മാവകാശമാണ് എന്നു പ്രഖ്യാപിച്ചുകൊണ്ട് ഉയർന്ന വനിതാമതിലും ഇന്ത്യൻ  ഭരണഘടനയുടെ വിധിയും. ശബരിമയിൽ പ്രായഭേദമന്യേ  എല്ലാ സ്ത്രീകൾക്കും പ്രവേശനം അനുവദിക്കാൻ പരമോന്നത കോടതി ഉത്തരവിട്ടിരുന്നു. ഇന്ത്യൻ ഭരണഘടന അനുശാസിക്കുന്ന ലിംഗഭേദമില്ലാത്ത സമത്വസങ്കൽപ്പമാണ്  ഈ വിധി. ഇന്നുവരെ കേരളം നടത്തിയ എല്ലാ നവോത്ഥാന മുന്നേറ്റങ്ങളുടെ തുടർച്ചയാണ് ശബരിമലയിലെ സ്ത്രീപ്രവേശനം. സ്ത്രീസമത്വം എല്ലാ മേഖലയിലും ഉണ്ടായേ തീരു. ആർത്തവത്തിന്റെ പേരിലും മറ്റും സ്ത്രീയ്ക്ക്  അശുദ്ധി വിധിക്കുന്ന കാലത്തു നിന്ന് നമ്മൾ നൂറ്റാണ്ടുകൾ പിന്നിട്ടു കഴിഞ്ഞു . അവൾ ചങ്ങലകളിൽ നിന്ന് മുക്തയാവുകതന്നെ ചെയ്യും.



ആദിത്യ ബാലൻ

10 എ


Youth festival winners


Maths clinic inauguration


Sports Day Inauguration


INDEPENDENCE DAY




BEAUTY OF DISPLAY


ENVIRONMENT DAY



37 FULL A+WINNERS








ANTI DRUG DAY



# ഓർമ്മകളിൽ

# മമ വിദ്യാലയം

(കവിത)

അക്ഷരം എന്തെന്നറിഞ്ഞതും
അച്ചടക്കത്തിൽ ഞാൻ വളർന്നതും
എന്നുംവെളിച്ചമായി നിന്നധ്യാപകർ
തൻ നിഴലിലും ഈശ്വരചിന്തതൻ
വഴികൾ പഠിപ്പിച്ചു നേർവഴികാണിച്ചു
തന്നതും എൻ പ്രിയ വിദ്യാലയം
കുസൃതിതൻ പടികൾ ഇറങ്ങി നടന്നു ഞാൻ
വെറും ഓർമ്മകൾ തനിച്ചായി
ഇന്ന് എനിക്കിതെല്ലാം ......

സെലിൻ .കെ. ജോസ്
9 ബി

# മേഘങ്ങൾ പെയ്തൊഴിയുമ്പോൾ

(കഥ)

അവൾ ഒരു മുറിയിലേക്കു പ്രവേശിച്ചു. അവൾ അടിമുടി വിറച്ചു.അവൾ വല്ലാതെ പരിഭ്രമിച്ചിരുന്നു.അവൾ പുറത്തേക്കു പോകണമെന്ന് പറഞ്ഞു വാശി പിടിച്ചു.അപ്പോഴേക്കും അവളുടെ വെളുത്ത കവിളുകളിൽ അയാളുടെ കൈവിരലുകൾ പതിഞ്ഞിരുന്നു. അവൾ കിടക്കയിലേക്കു മറിഞ്ഞു വീണു. പിന്നെ സംഭവിച്ചത് ഒട്ടും പ്രതീക്ഷിക്കാത്തതാണ്.

സൂര്യകിരണങ്ങൾ നിലത്തേക്കുപതിച്ചുകൊണ്ടിരിക്കുകയാണ്.


മണ്ണ് സ്വർണ്ണം പോലെ തിളങ്ങികൊണ്ടിരിക്കുകയാണ്.റോഡിൽ ഒരു അറ്റത്ത്പതിവില്ലാതെ ഒരാൾക്കൂട്ടം.ഏകദ്ദേശം 15

വയസ്സ് പ്രായം തോന്നിക്കുന്ന ഒരു കുട്ടിയുടെ ജഡം റോഡരികിൽ കിടക്കുകയാണ്. പെട്ടെന്നാണ് അവിടേക്കു ഒരു സ്ത്രീ ഓടിവന്നത്.

"ആദീ........ആദീ.............."അവൾ ചങ്ക്പൊട്ടിവിളിക്കുകയാണ്.അവർ അവളെ നെഞ്ചോടുചേർത്തുവെച്ചു.കവിളുകളിൽ നിന്ന് മഴപെയ്തിറങ്ങി ... കണ്ണുകളിൽ മഴമേഘങ്ങൾ നിറഞ്ഞിരിക്കുകയാണ്... സൂര്യൻ ഈ കാഴ്ച്ച കാണാനാകാതെ ഇരുളിലേക്കുമറഞ്ഞു.പിന്നെ എങ്ങും മഴയുടെ ആരവം .................

ലിയ റോസ്


8 ബി



# മൊഴിമുത്തുകൾ - ഗാന്ധിജി

(മഹത് വചനങ്ങൾ)

- മനുഷ്യനെ വിനയസമ്പന്നനാക്കുന്ന ഉപാധിയാണ് സത്യാഗ്രഹം
- വിശപ്പകറ്റാനല്ലാതെ ഒരു രസത്തിനുവേണ്ടി ഭക്ഷണം കഴിക്കാനാഗ്രിക്കുന്നത് രോഗത്തിന്റെ സൂചനയാണ്
- അഹിംസ ഉപദേശിക്കാനുള്ളതല്ല ,പരിശീലിക്കാനുള്ളതാണ്
- ചൂഷണം ഹിംസയുടെ കലയാണ്
- പ്രതിഫലത്തിനുവേണ്ടി മാത്രം ദേഹാധ്വാനം ചെയ്യുന്ന സ്ഥലത്ത ജോലിക്കാർ മന്ദബുദ്ധികളും ഉദാസീനരുമായിരിക്കും



- ധനം മനുഷ്യനെ നിസ്സഹായനാക്കുന്നു
- ശരിയായി നയിച്ച ജീവിതം പുസ്തകങ്ങളെക്കാൾ മെച്ചമാണ്
- കളങ്കമില്ലാത്ത സ്വഭാവമാണ് ആരോഗ്യത്തിന്റെ അടിസ്ഥാനം
- സേവനമാണ് എന്റെ മതം
- ജോലി ചെയ്യാനുള്ള വൈമനസ്യം മദ്യപാനത്തെക്കാൾ വലിയ ദോഷമാണ്
- സ്വാർത്ഥസ്പർശം തെല്ലുമില്ലാത്ത സേവനം തന്നെയാണ് മഹത്തായ മതം
- അവിരാമവും നിസ്വാർത്ഥവുമായ കർമ്മമാണ് പ്രാർത്ഥന

സിയ ബാബു

# സെന്റ് മേരീസ് സി. ജി. എച്ച് . എസ്. ഒല്ലൂർ

## അഭിനന്ദനങ്ങൾ !!!



**കൃഷ്ണേന്ദു സുരേന്ദ്രൻ**

കബഡി

**STATE THIRD**



**കൃഷ്ണാഞ്ജന കെ.എം**

കബഡി

**STATE THIRD**



**അക്ഷയ പ്രദീപ്**

MATHS PURE CONSTRUCTION

**STATE A GRADE**



**ശ്രീദേവി എൻ.എൻ**

സംസ്കൃതം സമസ്യാപൂരണം

**STATE A GRADE**



**ദക്ഷിണ കെ.ബിജു**

സംസ്കൃതം ചമ്പുപ്രഭാഷണം

**STATE A GRADE**



കല്യാണി കെ എസ്

9 A

# അമ്മ

(സ്നേഹവചസുകൾ)

.വീട്ടാനാകാത്ത കാരുണ്യക്കടമാണ് അമ്മ



.അളക്കാനാകാത്ത സ്നേഹക്കടലാണ് അമ്മ

.എഴുതിത്തീരാത്ത വാത്സല്യത്തിൻ കഥയാണ് അമ്മ

.പകരം വെയ്ക്കാനാകാത്ത സൗഖ്യ സാന്നിധ്യമാണ് അമ്മ

.കരച്ചിലിൽ സാന്ത്വനമേകുന്ന മൃദുസ്പർശമാണ് അമ്മ

.അന്ധകാരത്തിൽ തെളിയുന്ന ഒരു നറുങ്ങു വെട്ടമാണ് അമ്മ

.ത്യാഗത്തിന്റെ പര്യായപദമാണ് അമ്മ

**ഓർക്കുമ്പോൾ തെളിയുന്ന നന്മ**

**എന്റെ അമ്മ...**

ജ്വൈനെറ്റ്റോസ്

9 ബി

# എൻകേരളം

പാട്ടും പുഴകളും തോട്ടും – മോടി

കൂട്ടും മലരണക്കാട്ടും

നീളേ കളകളും പാട്ടും - കാട്ടു -

i ചോലയുമണിമേട്ടും

വെള്ളിയരഞ്ഞാണം പോലെ ചുറ്റും

തുള്ളിക്കളിക്കും കടലും

കായലും നീലമലയും - നീളേ

കോരിത്തരിക്കും വയലും

പീലിനിവർത്തിനിന്നാടും – കൊച്ചു

കേരമരതകത്തോപ്പും

നീളേ കുളിരൊളി തിങ്ങി - എൻ

കേരളമെന്തൊരു ഭംഗി

# വിശ്വമഹാകവി

# <u>കാളിദാസൻ</u>

(ജീവചരിത്രക്കുറിപ്പ്)

സ്വദേശികളും വിദേശികളുമായ പണ്ഡിതന്മാരും ആസ്വാദകരും ഒരുപോലെ അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിട്ടുള്ള പ്രതിഭയാണ് മഹാകവി കാളിദാസൻ. രണ്ട് മഹാകാവ്യങ്ങൾ , രണ്ട്ഖണ്ഡകാവ്യങ്ങൾ, മൂന്ന്നാടകങ്ങൾ ഇങ്ങനെ വിരലിലെണ്ണാവുന്ന കൃതികൾകൊണ്ടാണ്അദ്ദേഹം വിശ്വമഹാകവിപ്പട്ടം നേടിയെടുത്തത്



'അഭിജ്ഞാനശാകുന്തളം' എന്ന നാടകവും അതിൻ കർത്താവും ഭാരതീയരുടെ എക്കാലത്തെയുംഅഭിമാനവും അഹങ്കാരവുമാണ്.

പ്രകൃതിവർണനകൾ, വൈവിധ്യമാർന്ന മാനുഷികഭാവങ്ങൾ,ജീവിതാവസ്ഥകൾ, ജീവിതദർശനം,സ്നേഹസങ്കൽപങ്ങൾ എന്നിവയെല്ലാം കാളിദാസകൃതികളുടെ മാറ്റ് കൂട്ടുന്നു.,

പ്രണയത്തിന്റെ കരുത്തും സൗന്ദര്യവും പകർത്തിയിട്ടുള്ള 'കുമാരസംഭവം', രഘുവംശരാജവംശത്തിൻ കഥ പറയുന്ന 'രഘുവംശം', യക്ഷൻതൻ വിരഹവേദനയിൽ അലിയിച്ചുചേർത്തൊരുക്കിയ 'മേഘസന്ദേശം' എന്നിവയെല്ലാം പകരംവെയ്ക്കാനാകാത്ത ഈ പ്രതിഭയുടെ മഹാസ്തംഭങ്ങളാണ്.' അഭിജ്ഞാനശാകുന്തളം' എന്ന നാടകത്തിലാണ് ആ ഭാവനയും പ്രതിഭയും വാനോളം ഉയർന്നു നിൽക്കുന്നത്. സഹസ്രാബ്ദങ്ങൾ കഴിഞ്ഞിട്ടും കാളിദാസകൃതികളുടെ മാറ്റ് കുറഞ്ഞിട്ടില്ല. തലമുറകൾക്ക് പ്രചോദനമായി ഇന്നുംനിലകൊള്ളുന്നു.

അലീഷ ആന്റോ

9 എ

# മഴ പെയ്യുന്നു

(കവിത)

മഴ പെയ്യുകയാണ്

ഭൂമിയുടെ ദാഹം തീർക്കാനായി മുറ്റത്തും

കണ്ണീർത്തടങ്ങളായ് എൻെറ

മനസ്സിലും

മഴയുടെ പുതുമണത്തിന്

ഒരു വല്ലാത്ത ഗന്ധമാണ്

മരണവീട്ടിലെ ചന്ദനത്തിരിയുടെ മണം


മഴ പെയ്തുകൊണ്ടിരിക്കുകയാണ്

ഓർമ്മകൾക്കും സ്വപ്നങ്ങൾക്കും

മീതെ  ഇടതടവില്ലാതെ

ക്രിസ് മരിയ ജിയോ

9 എ


ANS MARIA WILSON
9 A

# മറക്കാനാകുമോ കാലമേ ,

## ആ ഓരോ കണ്ണീർ തുള്ളിയും....

( ഉപന്യാസം )




"കാലത്തിന്റെ കവിൾത്തടത്തിലെ കണ്ണുനീർ തുള്ളി" എന്ന് മഹാകവി ടാഗോർ വിശേഷിപ്പിച്ചിരിക്കുന്നത് താജ്മഹലിനെയാണ്. കാലത്തിനുപ്പോലും മറക്കാനാവാത്ത അനശ്വര സ്നേഹത്തിന്റെ കയ്യൊപ്പ്.എന്നാൽ 17-ാം നൂറ്റാണ്ടിലുണ്ടായ ആ അനശ്വരസൃഷ്ടിയ്ക്ക് ടാഗോർ നൽകിയ ഈ വിശേഷണം ആധുനിക കാലഘട്ടത്തിൽ ഏറ്റവും അധികം ചേരുന്നത് കേവലമൊരു മനുഷ്യസൃഷ്ടിയ്ക്കല്ല.ദൈവത്തിന്റെ സൃഷ്ടിയ്ക്കാണ്.അത് അവൾക്കു തന്നെ.ഇരുളുനിറഞ്ഞ നിമിഷങ്ങളിൽ അവളുടെ , ലോകം കേൾക്കാത്ത , കേട്ടിട്ടും കേട്ടില്ലെന്നു നടിക്കുന്ന ദീനരോദനങ്ങൾക്കൊപ്പം , ആ ഇടിമുഴക്കങ്ങൾക്കൊപ്പം അർധരാത്രിയിൽ ഭീതിയുതിർത്തുന്ന പേമാരിയെപോലെ , രക്ഷയുടെ

കരങ്ങൾക്കായി കാത്തു കാത്തു ഓരോ നിമിഷവും
നീറികൊണ്ടിരിക്കുന്ന മിഴികളിൽനിന്നുവരുന്ന
നീർച്ചോലകളല്ലേ വാസ്തവത്തിൽ കാലത്തിന്റെ
കവിൾത്തടത്തിലെ കണ്ണുനീർ തുള്ളി! എന്നാൽ
താജ്മഹൽ ഒരു കണ്ണുനീർ തുള്ളിയായിരുന്നുവെങ്കിൽ
ഇതു വെറും തുള്ളികളല്ല . ജലധാരയുമല്ല . നിർത്താതെ
പെയ്യുന്ന മഴയുമല്ല . കൊടുങ്കാറ്റുമല്ല . ഇവയേക്കാൾ
വലുതൊന്നുണ്ടെങ്കിൽ അതാണ്
അത്.അനിർവചനീയമായത്. തന്റെ ചിലംപെറിഞ്ഞ്
ഒരു രാജ്യം തന്നെ ഭസ്മമാക്കിയ
കണ്ണകിയെപ്പോലെ,ഈ ലോകത്തെ തന്നെ
ഭസ്മമാക്കാൻ കഴിവുണ്ട് ആ
നിശബ്ദനീരുകൾക്ക്.എന്തിന് ? ആർക്കുവേണ്ടി ?
എന്തിനുവേണ്ടി ?.........

ആയിരം
ചോദ്യശരങ്ങൾ
തൊടുത്തു
വന്നാലും എല്ലാം
വിരൽചൂണ്ടുന്നത്





ഒന്നിലേക്കുത്തന്നെ . അധികാരവും അഹന്തയും സമ്പന്നതയും നിറയുമ്പോൾ മർത്ത്യൻ തന്നെത്തന്നെ മറക്കുന്ന എന്നത്തിലേക്ക് . ഓരോ ഭാരതീയനും തൻെറ നെഞ്ചിൽ തട്ടി പറയേണ്ട ആ പ്രതിജ്ഞ "എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ് ഇതിന്റെ അന്തസ്സ് കാത്തു സൂക്ഷക്കേണ്ടവർ തന്നെ ഇത് ലംഘിക്കുന്നു. അവൾ സ്വാതന്ത്ര്യയാണ് അവളെ പറക്കുവാൻ അനുവദിക്കൂ....

കൃഷ്ണ പ്രിയ വി .

9 എ



# ജീവിതമാകുന്ന യാത്ര

(കവിത)

ജീവിതം ഒരു യാത്രയാണ്
ഉയർച്ചകളും  താഴ്ച്ചകളും നിറഞ്ഞത്
സന്തോഷവും ദുഃഖവും നിറഞ്ഞത്
ഒരു നാണയത്തിനിരുപുറം പോലെ......

നമ്മുടെ ജീവിതമാകുന്ന യാത്ര



ജനനത്തിൽ
തുടങ്ങി
മരണത്തിൽ
അവസാനിക്കുന്ന
യാത്ര......

ഇരുട്ട് നിറഞ്ഞൊരു യാത്ര
ചിലപ്പോൾ വീഴാം
എങ്കിലും തളരാതെ പതറാതെ
മുന്നേറാം ആത്മവിശ്വാസത്തോടെ......

മരിയ തോമസ്

# ചിലന്തികൾ

(പഠനക്കുറിപ്പ്)

നിങ്ങൾ ജീവിക്കാനും,മുന്നോട്ട് പോകാനും ആഗ്രഹിക്കുന്നുണ്ടെങ്കിൽ ഒരു ചിലന്തിയെ ജീവിക്കാനനുവദിക്കുക'

ചിലന്തികളെക്കുറിച്ചുള്ള ഒരു യുറോപ്യൻ പഴമൊഴിയാണിത്.

ചിലന്തികളെ ഭാഗ്യചിഹ്നമായി കാണുന്നവരാണ് യൂറോപ്യൻമാർ.എന്നാൽ നമ്മളിൽ പലരും ചിലന്തികളെ കണ്ടാലുടൻ അടിച്ചുകൊല്ലാൻ ചെരിപ്പൂരും . ചിലന്തി ദേഹത്തു വീഴുന്നത് നല്ലതാണെന്നും അത് സമ്പത്ത് കൊണ്ടുവരുമെന്നും യൂറോപ്യൻമാർ വിശ്വസിക്കുന്നു.ഭാഗ്യം കൊണ്ടുവരുകയാണെന്ന വിശ്വാസത്താൽ ഒരു കൂട്ടം ചിലന്തികൾക്ക് അവർ പൈസചിലന്തി എന്നാണ് പേരുപോലും നൽകിയിരിക്കുന്നത്.ചിലന്തിയെ കൊല്ലുന്നവനെ ദൗർഭാഗ്യം പിടികൂടുമത്രേ എട്ടുകാലിൽ നടക്കുന്ന പാവത്താൻമാരാണ് ചിലന്തികൾ.മനുഷ്യനെ ഉപദ്രവിക്കാത്ത ഇവ ഒട്ടേറെ സഹായം ചെയ്യുന്നുമുണ്ട്.ഇരപിടിത്തത്തിലും ജീവിതരീതികളിലുമൊക്കെ സ്വന്തം സ്റ്റൈൽ കൊണ്ടുനടക്കുന്ന ജീവികളാണ് ചിലന്തികൾ

സൂര്യ കെ എം

# ഓർമ്മയായ് തീരുന്ന പുഴ

(കവിത)

സുന്ദരമായൊരു തെളിനീർ പുഴയായ്
കുഞ്ഞുനാളിൽ ഞാൻ കണ്ടതെന്നാൽ
ഇന്നീ പുഴയുടെ വക്കു വരണ്ടു
പുഴയുടെ രക്തമാം ജലം വറ്റീടുന്നു
എൻ പുഴതൻ രക്തം വറ്റീടുന്നു
ഇന്നു പുഴ നീർച്ചാലായ് മാറീടുന്നു
എൻ ഉള്ളിൽ നീറീടുന്ന
ഓർമ്മയായ് തീരുമോ ഈ പുഴ?

മേഘ

8 സി

# മലയാളം സ്നേഹകവിതകളിലൂടെ...

(പഠനക്കുറിപ്പ്)

## മറന്നുവോ നാം അമ്മയെ, പാശ്ചാത്യബിംബത്തിനു മുന്നിൽ......



മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ.......

**വള്ളത്തോളിൻെറ തൂലികയിൽ പിറന്ന ഈ വരികൾക്കൊപ്പം വരുമോ  യാന്ത്രികതയുടെ ചൂടിൽ വറ്റിവരണ്ടുകൊണ്ടിരിക്കുന്ന ആധുനികതയുടെ പുതുപുത്തൻ വാദങ്ങൾ.**

## ഉള്ളൂരിൻെറ "സുഖംസുഖം"



*'ഉദിച്ചു രണ്ടക്ഷരമാദിയിങ്കൽ*
*ഓങ്കാരബീജം*
*പ്രകൃത്യംബകരത്തിലേന്തും*
*ദീപം.പ്രകാശിപ്പതതിൻ പ്രഭാവം'*

പ്രണവമന്ത്രമായ ഓങ്കാരശബ്ദത്തിൻെറ ആദ്യമുളയായി രണ്ട് അക്ഷരം ഉദിച്ചു.അതാണ് സ്നേഹം.പ്രകൃതിയാകുന്ന അമ്മ കൈയിലേന്തുന്ന ദീപം പ്രകാശിക്കുന്നത് ഈ സ്നേഹത്തിൻെറ ശക്തിയാലാണ്.  അമ്മയുടെ നെഞ്ചു ഞരമ്പിലെ ചോരയെ അമ്മിഞ്ഞപാലമൃതമാക്കുന്നതും സ്നേഹമാണ്.

സാന്ദ്ര മരിയ      9 എ

# നവകേരള സൃഷ്ടി

( ലേഖനം )

ദൈവത്തിന്റെ സ്വന്തം നാട്എന്ന് അഭിമാനിക്കുന്ന നമ്മുടെ കൊച്ചുകേരളം സാക്ഷരകേരളം സുന്ദരകേരളം എന്നെല്ലാം അഭിമാനത്തോടെ ഏറ്റുവിളിച്ചവരാണ് ഞാനും നിങ്ങളുമടങ്ങുന്ന മലയാളികൾ.സാക്ഷരതയിൽ മാത്രമല്ല പൊതുജനാരോഗ്യരംഗത്തും ജീവിതനിലവാരത്തിലുമെല്ലാം നാം മറ്റു സംസ്ഥാനങ്ങളെ ബഹുദൂരം പിന്തള്ളി. എന്തിനേറെ പറയുന്നു പൊതുജനാരോഗ്യരംഗത്ത്നാം കൈവരിച്ച നേട്ടാ പ്രശംസാർഹനീയമാണ്.ഇങ്ങനെയെല്ലാം നിലകൊള്ളാൻ നമുക്ക്പ്രേരിതമായത് നമ്മുടെ ജീവിതസാഹചര്യങ്ങളാണ്.പക്ഷേ,ഇന്നത്തെ നമ്മുടെ ജീവിതശൈലിയിലെ ചില മാറ്റങ്ങൾ നാം കേരളിയരെ ലോകത്തിനു മുൻപിൽ പരിഹാസ്യമാക്കുന്നു. ഒട്ടനവധിനദികളാലും പുഴകളാലും സമൃദ്ധമായ നമ്മുടെ കേരളനാട്ഇ ത്രയുംഭ്രപ്രകൃതി കനിഞ്ഞനുഗ്രഹിച്ച മറ്റൊരിടം ലോകഭ്രൂപടത്തിലില്ല.പക്ഷെ ഇന്ന് നാം പുഴകളെയും നദികളെയും ദ്രോഹിക്കുകയാണ്.ഇതിന്റെ ഫലമായി അവ നമ്മോട്തിരിച്ചടിക്കുന്നു .അതിനൊരു ഉദാഹരണമാണ് ഇക്കഴിഞ്ഞനാളുകളിൽ നാം അനുഭവിച്ച പ്രളയം.പ്രളയത്തിൽ എല്ലാം മുങ്ങി.നമ്മുടെ ജീവിതം തന്നെ വെള്ളത്തിലായി. പക്ഷെ,എത്രവലിയദുരന്തം വന്നാലും നാം അതിനെ

ഒറ്റക്കെട്ടായി നേരിടും എന്നയാഥാർത്ഥ്യം നാം ലോകത്തിനു മുൻപിൽതെളിയിച്ച "ഫ്രീക്കൻമാർ" എന്ന ഓമനപ്പേരിൽ വിളിക്കുന്ന നമ്മുടെ പുതിയ തലമുറ വരെ ദുരന്തത്തിൽ നിന്ന് കരകയറാൻ വഹിച്ച പങ്ക് വളരെ വലുതാണ് .ഇനി നാം ചിന്തിക്കേണ്ടത് ഒരു പുതിയ കേരളത്തിന്റെ സൃഷ്ടിയെക്കുറിച്ചാണ്. ഒരു നവകേരളസൃഷ്ടി, അതിനായി നാം ഒരുപാട് കാര്യങ്ങളിൽ മുന്നിട്ടിറങ്ങണം. നദികൾക്ക് സ്വതന്ത്രമായി വിഹരിക്കാൻ വേണ്ട സ്ഥലം സൃഷ്ടിക്കുക,വെള്ളത്തോടൊപ്പം ജീവിക്കാൻ ജനങ്ങളെ പ്രാപ്തരാക്കുക എന്നിങ്ങനെയുള്ള കാര്യങ്ങൾ നാം ഏറ്റെടുക്കണം. നദികളെയും പുഴകളെയും സംരക്ഷിച്ച് ഇവയിൽ നിന്നും നാടിനെ രക്ഷിക്കാനുള്ള അതിവിപുലമായ സംവിധാനമാണ് നെതർലാന്റിലെ "റൂം ഫോർ റിവർ" എന്നസംവിധാനം. ജൈവകൃഷിയിലേക്ക് നാം മുന്നിട്ടിറങ്ങണം സംയോജിത കൃഷിയും മത്സ്യപരിപാലനവുമെല്ലാം ജലസ്രോതസ്സുകളുടെ പരിപാലനം കൂടിയാണ്. അത് മറ്റ് രാജ്യങ്ങളിൽ നിന്ന്കടം വാങ്ങിയൊ മറ്റും ചെയ്യാം.ദുരന്തങ്ങളെ നേരിടാനും,നിലവിലുള്ള ദുരന്തങ്ങൾ അതിജീവിക്കാനും കുറച്ചുകാര്യങ്ങൾക്ക്നാം മുൻഗണന നൽകേണ്ടതുണ്ട്.

1.ദുരന്തങ്ങളും അതിന്റെ പ്രശങ്ങളെയും തിരിച്ചറിയുക.

2.ദുരന്ത നിവാരണത്തിനും ലഘൂകരണത്തിനും പണം കണ്ടെത്തുക.

3.ദുരന്തങ്ങൾ വരുന്നതിനുമുൻപ് തന്നെ അതിനെ കുറിച്ച് അറിയുക.

ഇവയെല്ലാം ചെയ്താൽ ഒരു പരിധി വരെ നമുക്ക് ദുരന്തങ്ങളെ അതിജീവിക്കാം.ശുഭപ്രതീക്ഷകളോടെ പ്രത്യാശകളോടെ നമുക്ക് മുന്നേറാം.



സലജന കെ എസ്

8 എ

# മലയാള നാടേ വന്ദനം



(കവിത)

മലയാളനാടേ മധുരമീനാടേ

എഴുത്തച്ഛൻ പാട്ടിലുണർന്ന നാടേ

പരശുരാമൻ മഴുവിനാൽ തീർത്തപെരിയാറുമൊഴുകുന്ന
നാടേ

പൊൻവെയിലിലാടുന്ന മരങ്ങളും
ചെടികളും നൃത്തമാടുന്നീ
നാട്ടിൽ മധുരഗാനം മീട്ടുന്ന പക്ഷികൾ

പാറിപറക്കുന്ന മലയാളനാടേ

വന്ദനം....

ഓണവും വിഷുവും ഉത്സവങ്ങളുംതുടികൊട്ടി
ഉണരും നാടേ കലയുടെ

നാടേ നിളയുടെ നാടേ

മലകളാൽ നിറയുന്ന കൈരളീനാടേ

വന്ദനം.... വന്ദനം.... വന്ദനം....

അമൃത.എൻ.എസ്

# സ്റ്റീഫൻ ഹോക്കിങ്

## (ശാസ്ത്രക്കുറിപ്പ്)



വിഖ്യാതനായ ബ്രിട്ടീഷ് ഭൗതികശാസ്ത്രജ്ഞനാനായിരുന്ന സ്റ്റീഫൻ വില്യം ഹോക്കിങ്ങ് (8 ജനുവരി 1942-14 മാർച്ച് 2018). നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപം കൊള്ളുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്നു ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്. ബ്രിട്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രപഞ്ച ശാസ്ത്രവിഭാഗത്തിലെ ഡയറക്ടറായിരുന്നു അദ്ദേഹം. കാലത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം എന്ന പ്രശസ്തമായ ശാസ്ത്രഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ്. 1966–ൽ ഡോക്ടറേറ്റ് നേടിയ സ്റ്റീഫൻ ഹോക്കിങ് ആ വർഷം തന്നെ റോജർ പെൻറോസുമായി ചേർന്ന്



**‘സിൻഗുലാരിറ്റീസ് ആൻഡ് ദ ജോമട്രി ഓഫ് സ്പേസ്-ടൈം' എന്ന പേരിൽ എഴുതിയ പ്രബന്ധത്തിനു വിഖ്യാതമായ ആദംസ് പ്രൈസ് ലഭിച്ചിരുന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഗണിത ശാസ്ത്ര ലൂക്കാച്ചിയൻ പ്രൊഫസർ എന്ന ഉന്നത പദവി മൂന്നു പതിറ്റാണ്ടുകൾ അദ്ദേഹം വഹിച്ചിരുന്നു. നാഡീ കോശങ്ങളെ തളർത്തുന്ന മാരകമായ അമയോട്രോപിക് ലാറ്ററൽ സ്ക്ലീറോസിസ് എന്ന രോഗബാധിതനായിരുന്നു. 2018 മാർച്ച് 14 നു തന്റെ 76-ാം വയസ്സിൽ അദ്ദേഹം അന്തരിച്ച വിവരം മക്കളായ ലൂസി, റോബർട്ട് എന്നിവർ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.**

## കുടുംബം

ഇംഗ്ലണ്ടിലെ ഓക്സ്ഫോർഡിൽ ഫ്രാങ്ക് (1905-1986), ഇസൊബെൽ ഹോക്കിങ്ങ് (നീ വാക്കർ, 1915-2013) എന്നിവരുടെ ആദ്യ മകനായി 1942 ജനുവരി 8 നായിരുന്നു ഹോക്കിങ്ങ് ജനിച്ചത്. അദ്ദേഹത്തിന്റെ മാതാവ് സ്കോട്ട്ലന്റ്കാരിയായിരുന്നു. കുടുംബത്തിൽ സാമ്പത്തിക പരാധീനതകൾ ഉണ്ടായിരുന്നിട്ടും മാതാപിതാക്കൾ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ പഠനത്തിന് ചേർന്നു. ഫ്രാങ്ക് അവിടെ വൈദ്യശാസ്ത്രവും ഐസൊബെൽ തത്വചിന്ത, രാഷ്ട്രീയം, സാമ്പത്തികശാസ്ത്രം എന്നിവയും പഠിച്ചു. രണ്ടാം ലോകമഹായുദ്ധം ആരംഭിച്ചസമയത്ത്, ഒരു വൈദ്യശാ ഒരു സ്ത്ര ഗവേഷണ സ്ഥാപനത്തിൽ വച്ച് ഇരുവരും കണ്ടുമുട്ടി. ഇസൊബെൽ അവിടെ ഒരു സെക്രട്ടറിയായും

ഫ്രാങ്കൈ്വദ്യശാസ്ത്ര ഗവേഷകനായും ജോലിചെയ്ത് വരികയായിരുന്നു. അവർ ഹൈഗേറ്റിലായിരുന്നു ജീവിച്ചത്; എന്നാൽ ആ സമയത്ത് ലണ്ടനിൽ ബോംബാക്രമണം പതിവായിരുന്നതിനാൽ, ഗർഭിണിയായിരുന്ന ഇസൊബെൽ സുരക്ഷിതമായ പ്രസവത്തിനായി ഓക്സ്ഫോർഡിലേക്ക് പോയി. ഹോക്കിങ്ങിന് ഫിലിപ്പോ, മേരി എന്നീ രണ്ടു ഇളയ സഹോദരിമാരും എഡ്വേർഡ് എന്ന ഒരു ദത്ത് സഹോദരനും ഉണ്ടായിരുന്നു.

# സ്കൂൾ വിദ്യാഭ്യാസം

ലണ്ടനിലെ ഹൈഗേറ്റിലെ ബൈറോൺ ഹൗസ് സ്കൂളിലായിരുന്നു ഹോക്കിംങിന്റെ സ്കൂൾ പഠനം. സ്കൂളിലായിരിക്കെ വായിക്കാൻ പഠിക്കുന്നതിൽ പരാജയപ്പെട്ടതിനെ തുടർന്ന് " അദ്ദേഹത്തിന് കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. എട്ട്




വയസുകാരനായിരുന്ന ഹോക്കിങ്ങ് സെന്റ്. അൽബാൻസ്സിൽ, പെൺകുട്ടികൾക്കായുള്ള സെന്റ് അൽബൻസ് ഹൈസ്കൂളിൽ ഹോക്കിംങ് ഏതാനും മാസങ്ങൾ

പോയിരുന്നു. അക്കാലത്ത് ചെറിയകുട്ടികൾക്ക് ഏത് സ്കൂളിലും പഠിക്കാൻ കഴിയുമായിരുന്നു.

പിന്നീട് ഹാർഡിംഗ് ഹെർട്ട്ഫോർഡ്ഷെയറിലെ റഡ്ലെറ്റ് ഗ്രാമത്തിലെ ഒരു സ്വതന്ത്ര വിദ്യാലയമായ റഡ്ലെറ്റ് സ്കൂളിൽ ഹോക്കിംങ് ചേർന്നു. 1952 സെപ്റ്റംബർ മുതൽ ഹാർട്ട്ഫോർഡ്ഷയറിലെ സെന്റ് അൽബൻസ് നഗരത്തിലെ ഒരു സ്വകാര്യ വിദ്യാലയമായ സെന്റ് അൽബൻസ് സ്കൂളിൽ നിന്നും ഒരു വർഷം നേരത്തേ തന്നെ ഹോക്കിങ്ങ് ഹയർസെക്കന്ററി വിജയിച്ചു. ഉയർന്ന നിലവാരമുണ്ടായിരുന്ന വെസ്റ്റ്മിൻസ്റ്റർ സ്കൂളിൽ മകനെ ചേർക്കാൻ അച്ഛൻ ആഗ്രഹിച്ചിരുന്നുവെങ്കിലും, 13 കാരനായിരുന്ന ഹോക്കിംങിന് സ്കോളർഷിപ്പ് പരീക്ഷയുടെ ദിവസം അസുഖം ബാധിച്ചു. സ്കോളർഷിപ്പ് വഴിയുള്ള സാമ്പത്തിക സഹായമില്ലാതെ അദ്ദേഹത്തിന്റെ കുടുംബത്തിന് സ്കൂൾ ഫീസ് കൊടുക്കാൻ കഴിയുമായിരുന്നില്ല. അതിനാൽ ഹോക്കിംങ് സെന്റ് അൽബനിൽ താമസിച്ചു. അടുത്ത കൂട്ടുകാരുമായി ബന്ധം പുലർത്താനും, ബോർഡ് ഗെയിമുകൾ, വെടിക്കെട്ട് നിർമ്മാണം, വിമാനത്തിന്റെയും ബോട്ടുകളുടേയും മാതൃകകൾ, ക്രിസ്തുമതം, ആതീന്ദ്രിയജ്ഞാനം എന്നിവ സംബന്ധിച്ച നീണ്ട ചർച്ചകൾ എന്നിവ ആസ്വദിക്കാൻ ഇതിലൂടെ ഹോക്കിംങിന് സാധിച്ചു എന്നതാണ് ഇതുകൊണ്ടുണ്ടായ ഗുണം. 1958 ൽ അവർ ഗണിതശാസ്ത്ര അദ്ധ്യാപകനായ ദിക്രൺ തഹ്തയുടെ സഹായത്തോടെ പഴയ ഘടികാരഭാഗങ്ങൾ, പഴയ ടെലിഫോൺ സ്വിച്ച്ബോർഡ്, പുനരുപയോഗിക്കാൻ കഴിയുന്ന മറ്റ് വസ്തുക്കൾ എന്നിവ ഉപയോഗിച്ച് കംപ്യൂട്ടർ നിർമ്മിച്ചു.

# തൊഴിലും ഗവേഷണവും


ബ്രേക്ക് ത്രൂ ഇനിഷ്യേറ്റീവ് എന്ന അന്യഗ്രഹ ജീവൻ തേടുന്ന വമ്പൻ ഗവേഷണപദ്ധതി അദ്ദേഹം ആസൂത്രണം ചെയ്തു. ഹോക്കിങ്ങ് ആൽബർട്ട് ഐൻസ്റ്റീനു ശേഷം ലോകത്തു ജീവിച്ചിരിക്കുന്ന ഏറ്റവും പ്രഗൽഭമായ മസ്തിഷ്കത്തിന്റെ ഉടമയെന്ന പേരിനർഹമായി മാറി (രണ്ടുപേരുടെയും ഐക്യു നിലവാരം 160 ആണെന്നാണ് ഇതേപ്പറ്റി പഠനം നടത്തിയവർ കണ്ടെത്തിയത്). സമയത്തിന്റെ സംക്ഷിപ്ത ചരിത്രം (A Brief History of Time) എന്ന പുസ്തകം സ്റ്റീഫൻ ഹോക്കിങ്ങിനെ ലോകപ്രശസ്തനാക്കി. ദ യൂണിവേഴ്സ് ഇൻ എ നട്ട്ഷെൽ, മകൾ ലൂസിയുമായി ചേർന്നു കുട്ടികൾക്കായി അദ്ദേഹം എഴുതിയ ജോർജ്ജ്സ് സീക്രട്ട് കി റ്റു ദ യൂണിവേഴ്സ് , ദ ഗ്രാൻഡ് ഡിസൈൻ, ബ്ലാക്ക് ഹോൾസ് ആൻഡ് ബേബി യൂണിവേഴ്സ്, ഗോഡ് ക്രിയേറ്റഡ് ദ ഇന്റിജേഴ്സ്, മൈ ബ്രീഫ് ഹിസ്റ്ററി തുടങ്ങിയവ അദ്ദേഹത്തിന്റെ കൃതികളാണ്. ജി.എഫ്.ആർ.എല്ലിസുമായി ചേർന്ന് എഴുതിയ "ലാർജ് സ്കെയിൽ സ്ട്രക്ചർ ഓഫ് സ്പേസ് ടൈം", ഡബ്ല്യു.ഇസ്രയേലിനൊപ്പം എഴുതിയ "ജനറൽ റിലേറ്റിവിറ്റി".എന്നിവയാണു മറ്റു പ്രധാന രചനകൾ. സ്റ്റീഫൻ ഹോക്കിങ്ങുമായുള്ള ബന്ധത്തെക്കുറിച്ചു മുൻ ഭാര്യ ജെയിൻ വൈൽഡ് എഴുതിയ "ട്രാവലിങ് ടു ഇൻഫിനിറ്റി, മൈ ലൈഫ് വിത്ത് സ്റ്റീഫൻ" എന്ന പുസ്തകവും അതിനെ ആധാരമാക്കി ജയിംസ് മാർഷ് സംവിധാനം ചെയ്ത് "ദ തിയറി ഓഫ് എവരിതിങ്" (2014) എന്ന സിനിമയും നിർമ്മിക്കുകയുണ്ടായി.

ഹരിപ്രിയ എം ആർ

9 ഡി

AISWARYA VIPIN
9 A





# ശുഭം